ഒരു സെൻറ് സ്ഥലം അകപയർ ചെയ്യുന്നപക്ഷം നൂറോ ഇരുന്നൂറോ ഉറുപ്പികയ്ക്ക് ആ കടവു ലേലംവിളിച്ചെടുക്കാൻ ആളുകൾ ഉണ്ടാകുമെന്നു പഞ്ചായത്തിൽനിന്നു ഗവമ്മേണ്ടിലേയ്ക്ക് എഴുതി അയച്ചിട്ടുണ്ട്. അകപയർ ചെയ്യണമെന്നു പറയുന്ന പറമ്പിൻെറ ഉടമസ്ഥനാണ് ഇപ്പോൾ ആ കടവു നടത്തിവരുന്നതു്.

Survey Training—Classes—Opening of.

ഫ്രവ്വ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas, North)*.—താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെൻറ് സദയം മറുപടി പറയുമോ: —

(എ) കൊച്ചിയിലെ സർവ്വെ ടെയിനിംഗു പരീക്ഷ പാസ്സായിട്ടും ഗവമ്മെൻറുദ്യോഗം സിദ്ധിക്കാത്തവർ ഇനി ആരെങ്കിലും ബാക്കിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ ഒരു കാസ്റ്റ്വാർ സ്റ്റേറുമെൻറു മേശപ്പുറത്തു വെക്കാമോ;

(സി) ഫ്രഫ്രവ-ൽ തുറക്കുവാൻ നിശ്ചയിച്ചിട്ടുള്ള സർവ്വെ ക്ലാസ്സിൽ ഗവമ്മെൻറു സർവ്വീസിലില്ലാത്തവരെക്കൂടി ചേർക്കുവാൻ ഗവമ്മെൻറു ദ്ദേശിക്കുന്നുണ്ടോ;

(ഡി) കഴിഞ്ഞ സർവ്വെ ക്ലാസ്സു ഏതുകൊല്ലത്തിലാണു തുറന്നിരുന്നതു്;

(ഇ) ആ സർവ്വെ ക്ലാസ്സിൽ ചേർന്നിരുന്നവരുടെ ഒരു കാസ്റ്റ്വാർ സ്റ്റേറുമെൻറു മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.—

(എ) സർവ്വെ ടെയിനിംഗു തുടങ്ങിയ കാലംമുതൽ ടി പരീക്ഷ പാസ്സായവരെപ്പറ്റിയുള്ള വിശദമായ വിവരങ്ങൾ ഇപ്പോൾ ലഭിക്കുവാൻ പ്രയാസമാകയാൽ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(ബി) എ. ക്കുള്ള ഉത്തരംകൊണ്ടു ഇതിനും ഉത്തരം പറയേണ്ട ആവശ്യം ഇല്ല.

(സി) ഫ്രഫ്രവ-ൽ സർവ്വെ ക്ലാസ്സു തുറക്കുന്നില്ല. ഇതിനും ഉത്തരം പറയേണ്ട ആവശ്യം ഇല്ല.

(ഡി) ഫ്രഥന്യ-ൽ.

(ഇ) തമിഴ് ബ്രാഹ്മണർ—൪.
നായർ—൫൨.
ഈഴവർ—ഫ൪.
മറ്റു ഹിന്തുക്കൾ—ഫ൩.

LIBRARY ARCHIVES Kerala Legislative Assembly

അധഃകൃതർ—൧.
ക്രസ്ത്യാനികൾ—൧൧.
മുസ്ലീമിങ്ങൾ—൨.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—ഇവരിൽ എത്രപേർ ഇപ്പോൾ സർവ്വീസിലുണ്ടെന്നു ഗവമ്മെൻറിനു പറവാൻ സാധിക്കുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— മുസ്ലീമിങ്ങൾ രണ്ടുപേരും ഇപ്പോൾ ഗവമ്മെണ്ടു സർവ്വീസിലുണ്ട്. ക്രസ്ത്യാനികളിൽ ഒന്നോ രണ്ടോ പേർ ബാക്കി ഉണ്ട്. അധഃകൃതരിലുള്ള ഒരാളെ ഇതിൽ ചേർത്തു കഴിഞ്ഞിട്ടുണ്ട്. മറ്റു ഹിന്ദുക്കളിൽപെട്ട ൧൦-൧൫ പേർ ഇപ്പോൾ റവന്യൂ ഡിപ്പാർട്ടുമെൻറിലുണ്ട്. ഈ ഈഴവരിൽ ഇനി രണ്ടോ മൂന്നോ ബാക്കിയുണ്ട്. നായന്മാർ ൫൨ പേരുള്ളതിൽ കുറെ അധികം ബാക്കിയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— വില്ലേജ് മേനോൻറെ ഉദ്യോഗത്തിന് സർവ്വെ ട്രെയിനിംഗ് പാസ്സാകണമെന്നു നിർബ്ബന്ധമുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനവൻ *(Diwan Peishkar)*.— നിർബ്ബന്ധമുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— സർവ്വെ ട്രെയിനിംഗ് പാസ്സായവർ മറ്റു സമുദായങ്ങളിൽ അധികമില്ലെന്നു പറഞ്ഞിട്ടുണ്ട്. അവരിലും പാസ്സായ ആളുകളെ കിട്ടുവാനായി അവർക്കുവേണ്ടി പ്രത്യേകമൊരു സർവ്വെ ക്ലാസു വെയ്ക്കാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— അതിനു വലിയ ചിലവു വേണ്ടിവരും. ഇപ്പോൾ ഡിപ്പാർട്ടുമെൻറിൽനിന്ന് ഉദ്യോഗസ്ഥന്മാരെ സർവ്വെ ട്രെയിനിംഗിന് അയച്ചുവരുന്നുണ്ട്. ആ ക്ലാസ്സിൽ പ്രൈവറ്റായി പഠിച്ചുവരുന്നവരേയും ചേർക്കാറുണ്ട്. അവർക്കു പരീക്ഷയ്ക്കു ചേരുവാനുള്ള സൌകര്യങ്ങളുണ്ടാക്കി കൊടുത്തുവരുന്നുണ്ട്. മേലും ചെയ്തുകൊടുക്കാൻ വിരോധമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— നായന്മാർ ൫൨ പേരുള്ളതിൽ വളരെ അധികം ബാക്കിയുണ്ടെന്നു പറയുന്നു. മറ്റു സമുദായങ്ങളിൽ അത്ര അധികമൊന്നുമില്ല. അതുകൊണ്ട് അവർക്കുവേണ്ടി ഗവമ്മെൻറിൽനിന്നും ഒരു ക്ലാസ്സ് തുടങ്ങുവാൻ വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— ഈ ക്ലർക്കുമാത്രമേ ഇതിൻറെ ഗുണദോഷങ്ങൾ വേണ്ടപോലെ മനസ്സിലാക്കീട്ടുള്ളൂ. മറ്റുള്ളവർ അധികംപേരും നല്ല തൊഴിൽക്കാരാണ്. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഫാ-ം ഫെ-ം ഉറപ്പിക കിട്ടുന്നതിനേക്കാൾ അവരവക്ക് വശമുള്ള പണികൾചെയ്തു ജീവിക്കുന്നതിലാണ് അധികം ഉത്സാഹം കാണിക്കുന്നത്. അങ്ങനെയുള്ളവക്കായിട്ട് ഒരു ക്ലാസു തുടങ്ങുകയാണെങ്കിൽ വളരെ പണം ചിലവാക്കേണ്ടിവരും.

മിസ്റ്റർ വി. കെ. കൂട്ടി (*Muslims*).— ഗവൺമെൻറിലേയ്ക്ക് നികുതി കിട്ടുന്നില്ലേ? ആ സ്ഥിതിയ്ക്കു മറുള്ളവരേയും ഏട്ടത്താൽ എന്താണു വിരോധം?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— പ്രൈവറായിട്ട വരുന്നവക്ക പരീക്ഷയിൽ ചേരുവാൻ വിരോധമില്ല. അവരെ ചേർക്കുകയും ചെയ്യും.

മിസ്റ്റർ വി. കെ. കൂട്ടി (*Muslims*).— അവരിൽനിന്നും ഫീസു വാങ്ങീട്ടാണോ പരീക്ഷയിൽ ചേർക്കുന്നത്?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— അതിനു പ്രത്യേകം ഉറപ്പിക വേണ്ടിവരും.

മിസ്റ്റർ വി. കെ. കൂട്ടി (*Muslims*).— മറു സമുദായങ്ങൾക്ക് ഉദ്യോഗം കൊടുക്കാത്തതുകൊണ്ട് അവർ വരാത്തതോ, അല്ല അവർ വേറെ ജോലി അന്വേഷിച്ചുപോയതുകൊണ്ടു വരാതിരിയ്ക്കുന്നതോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—ഫാസ്റ്റ-നു മുമ്പു സപ്പ്ലെയിനിംഗ് ക്ലാസുണ്ടായിരുന്നുവോ?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— അതിനെ സംബന്ധിച്ചുള്ള റിക്കാർട്ട കാണുവാനില്ല. ഇങ്ങനെ ഓരോ കൊല്ലത്തിലും ട്രെയിനിംഗിനു പഠിയ്ക്കുന്നവക്കുവേണ്ടി അവരുടെ ആവശ്യംപോലെ ഒരു ക്ലാസു വയ്ക്കുവാൻ സാധിക്കുകയില്ല. ഇപ്പോൾ അത്യാവശ്യമായി പരീക്ഷയ്ക്കു പോകേണ്ടവക്ക ചേരുവാനുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കാറുണ്ട്.

മിസ്റ്റർ വി. കെ. കൂട്ടി (*Muslims*).— ആ സൌകര്യം ഗവൺമെൻറു ചെയ്തുകൊടുത്തിട്ടുള്ള നിലയ്ക്ക് ഒന്നോ രണ്ടോ പ്രാവശ്യംകൂടി പരീക്ഷവയ്ക്കുന്നതുകൊണ്ട് എന്താണു വിരോധം?

മിസ്റ്റർ കെ. അച്യുതമേനോൻ (*Diwan Peishkar*).— ഇതിനുള്ള ക്ലാസു വളരെ കാലത്തേക്കൊന്നുമില്ല. ഒരു മാസത്തേയ്ക്കോ മറേറാ പഠിയ്ക്കുവാനേ ഉണ്ടാകയുള്ളൂ. അതു ഒരു വില്ലേജുമേനോൻെറ സഹായത്തോടുകൂടി പ്രൈവറായി പഠിക്കാവുന്നതാണ്. അതുകൊണ്ടു കൊല്ലംതോറും ക്ലാസു നടത്തി പരീക്ഷ വയ്ക്കേണ്ടതായ ആവശ്യമൊന്നുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഫാസ്റ്റ-നു മുമ്പു് എന്നാണു പരീക്ഷ നടത്തിയതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— അതിനെ സംബന്ധിച്ചുള്ള റിക്കാർട്ട കാണുവാനില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ൧൦൭-ൽ സപ്ലൈ ക്ലാസുണ്ടായിരുന്നുവോ?

മിസ്റ്റർ കെ. അച്യുതമേനോൻ. *(Diwan Peishkar)*.— ഉണ്ടായിരുന്നതായിട്ട് ഇൻഫർമേഷനില്ല.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— ഗവമ്മെൻറിൽനിന്നും ഇതിലേക്ക് ഒരു ക്ലാസു തുടങ്ങുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— ഇക്കൊല്ലം സാധിക്കുകയില്ല. വരുന്ന കൊല്ലത്തെ ബഡ്ജറിൽ കൊള്ളിക്കേണ്ട കാര്യം ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ പെടുത്താം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— പുതിയതായിട്ട് അധികം ഒഴിവുകൾ ഉണ്ടാകുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— ഉണ്ടായാൽതന്നെയും അടുത്ത കാലത്തെങ്ങും ഇപ്പോൾ പാസ്സായി വരുന്നവർക്കു കിട്ടുമെന്നു മോഹിക്കുവാൻ തരമില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— അങ്ങനെയിരിക്കുമ്പോൾ പുതുതായി ട്രെയിനിംഗു കൊടുത്താൽ അതു് ഒരു വേസ്റ്റ് അല്ലേ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇപ്പോൾ പരീക്ഷ പാസ്സായിട്ടുള്ളവർക്കെല്ലാം കൊച്ചീ രാജ്യത്തു് ഉദ്യോഗം കൊടുത്തിട്ടുണ്ടോ? സപ്ലൈ ട്രെയിനിംഗു ക്ലാസു തുടങ്ങുവാൻ എന്തു ചിലവു വേണ്ടിവരും?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— അറുനൂറോ എഴുനൂറോ ഉറുപ്പിക വേണ്ടിവരും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ സംഖ്യ ചിലവാക്കി ഒന്നോ രണ്ടോ മാസം ക്ലാസുവക്കുന്നതുകൊണ്ടു വലിയ നഷ്ടം വരുമെന്നു ഗവമ്മെൻറു വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— സ്ഥിരമാകാത്തവരായി ഉദ്ദേശം എത്രപേരുണ്ടാകും?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— കണക്കെടുത്തിട്ടില്ല. ട്രെയിനിംഗു കഴിഞ്ഞിട്ടുള്ളവർ മുഴുവനും സ്ഥിരക്കാരായിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇപ്പോൾ ഗവമ്മെൻറിൽനിന്നും സപ്ലൈ ട്രെയിനിംഗിന് ആളുകളെ അയയ്ക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— ഡിപ്പാർട്ട മെന്റിൻനിന്ന് നാ ക്ലാക്കുന്മാരെ അയക്കാറുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ മൂന്ന ക്ലാക്കുന്മാരെ അയക്കുന്ന ക്രൂട്ടത്തിൽ പ്രൈവെറ്റായിട്ടവരുന്നവരേയും കൂടി ഉൾപ്പെട്ടുത്തുവാൻ വിരോധമുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— അതു സാധിക്കുമെന്നു തോന്നുന്നില്ല.

Revenue Inspectors—Particulars regarding.

ഫവ്വ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas, North)*.— താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറു ദയവായി മറുപടി പറയുമോ:

(എ) റവന്യൂ വകുപ്പിൽ ഇപ്പോൾ ആകെ എത്ര റവന്യൂ ഇൻസ്പെക്ടർമാരുണ്ട്;

(ബി) അവരുടെ പരീക്ഷായോഗ്യതകൾ എന്തെല്ലാം;

(സി) അവരിൽ സർവ്വീ പരീക്ഷ പാസ്സായവർ എത്ര;

(ഡി) സർവ്വകലാശാല ബിരുദധാരികൾ എത്രയുണ്ട്;

(ഇ) സർവ്വീ പാസ്സാകാത്തവരും സർവ്വകലാശാലാ ബിരുദധാരികൾ അല്ലാത്തവരും ആയ അണ്ടർഗ്രാഡുവെറ്റ്സ് എത്ര;

(എഫ്) അവരുടെ ഒരു കാസ്റ്റ് വാർ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.—

(എ) 20.

(ബി) അവർ താഴെപറയുന്ന പരീക്ഷകളിൽ ഏതെങ്കിലും ഒന്നു പാസ്സായിട്ടുള്ളവരാണ്. സ്ക്രീനിംഗ്ഫൊനൽ, മെട്രിക്കുലേഷൻ, ഇൻടർമീഡിയറ്റ്, ബി. എ. രണ്ടു പോരൊഴികെ ബാക്കി എല്ലാവരും റവന്യൂ ടെസ്റ്റും ചിലർ അക്കൗണ്ട് ടെസ്റ്റും പാസ്സായിട്ടുണ്ട്.

(സി) എല്ലാവരും റവന്യൂ ഇൻസ്പെക്ടർ ഉദ്യോഗത്തിനുള്ള സർവ്വീ ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളവരാണ്.

(ഡി) നാ പേരുണ്ട്.

(ഇ) ആരുമില്ല.

(എഫ്) സീ. ക്കുള്ള ഉത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

Samprathies and Accountants — particulars regarding.

189. Mr. K. Kunhirama Menon *(Cheruviruthi)*.— Will the Government be pleased to state:—

LIBRARY ARCHIVES Kerala Legislative Assembly